# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01 ലക്കം : 04 2021 ജൂൺ


## കോവിഡ് 19: ജാഗ്രത തുടരണം

**വീണാ ജോർജ്,** ആരോഗ്യമന്ത്രി



കോവിഡ് 19 നെതിരായ ശക്തമായ പോരാട്ടത്തിലാണ് കേരളം. മുന്നൊരുക്കത്തോടെ കേരളം നടത്തിയ പ്രതിരോധപ്രവർത്തനങ്ങളിലൂടെയാണ് നമുക്ക് കോവിഡ് രണ്ടാംതരംഗത്തേയും അതിജീവിക്കാനാകുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളം ഫലപ്രദമായി നടപ്പാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും ലോക്ഡൗണും രണ്ടാം തരംഗത്തെ നിയന്ത്രിക്കാൻ സഹായകമായി. പ്രതിദിന രോഗികളുടെ എണ്ണം 75,000ന് മുകളിൽ ഉയരുമെന്ന് വിദഗ്ധർ പറഞ്ഞപ്പോഴും 45,000ന് താഴെ നിർത്താൻ നമുക്കായി. 29.75 ആയ ടെസ്റ്റ് പോസിറ്റിവിറ്റി 11ന് താഴെയാക്കാൻ സാധിച്ചു. ഇതോടൊപ്പം വിദഗ്ധ പരിചരണത്തിലൂടെ മരണനിരക്ക് കുറയ്ക്കാനും സാധിച്ചു. കൂട്ടപരിശോധനകൾ നടത്തി കോവിഡ് രോഗികളെ വളരെ വേഗം കണ്ടെത്തി അവരുമായി ബന്ധമുള്ളവരെ സമ്പർക്കവിലക്കിലാക്കി. രോഗം ബാധിച്ച് ഗുരുതരമായവർക്ക് പ്രത്യേക കരുതൽ നൽകി. സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി., ഡി.സി.സി. എന്നിവ സജ്ജമാക്കി. കൂടുതൽ ആശുപത്രി സംവിധാനങ്ങളും ഐസിയുകളും വെന്റിലേറ്ററുകളും ഏർപ്പെടുത്തി. ഓക്സിജന്റെ ലഭ്യത ഉറപ്പുവരുത്തി. മാത്രമല്ല രോഗികളുടെ എണ്ണം കൂടിയാൽ എല്ലാ സംവിധാനങ്ങളും വർധിപ്പിക്കാനായി ആക്ഷൻപ്ലാനും സർജ്പ്ലാനും ആവിഷ്ക്കരിക്കുകയും ചെയ്തു.

സംസ്ഥാനത്ത് കോവിഡ് രണ്ടാം തരംഗം ആരംഭിച്ച സമയത്ത് തന്നെ 'ബാക്ക് ടു ബേസിക്സ്' കാമ്പയിൻ ശക്തിപ്പെടുത്തി. കൂടുതൽ വെന്റിലേറ്ററുകളൊരുക്കുന്നതിന് വെന്റിലേറ്റർ ആക്ഷൻപ്ലാൻ ഉണ്ടാക്കി. സംസ്ഥാനത്ത് മൂന്നു ഘട്ടങ്ങളിലായി 2248 സിഎഫ്എൽടിസി/സിഎസ്എൽടിസി/ഡിസിസികളിൽ 19,8827 കിടക്കകൾ സജ്ജമാണ്. ഓക്സിജന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നിരന്തര ഇടപെടലുകളാണ് നടത്തുന്നത്. ഓക്സിജൻ ഓഡിറ്റ് നടത്തി ലഭ്യത വർധിപ്പിക്കാനുള്ള ശ്രമങ്ങളും നടത്തിവരുന്നു.

ഇപ്പോഴും കോവിഡിന്റെ രണ്ടാം തരംഗത്തിൽ നിന്നും നാം മുക്തരല്ല. ചില ജില്ലകളിൽ ടി.പി.ആർ.

(ശേഷം 2-ാം പേജിൽ)

## സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കർമനിരതമായ രണ്ടാംവർഷത്തിലേക്ക്

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) എന്നിവ നടപ്പാക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) കർമനിരതമായ രണ്ടാംവർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കോവിഡ് മഹാമാരി നിയന്ത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ കൈവരിച്ചാണ് എസ്.എച്ച്.എ ഒരു വർഷം പൂർത്തീകരിച്ചത്.


സംസ്ഥാനത്തെ ആരോഗ്യപരിരക്ഷാരംഗത്ത് വലിയമാറ്റം ഉണ്ടാക്കാൻ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിക്ക് കഴിഞ്ഞു. ചികിത്സിക്കാൻ പണമില്ലാതെ വിഷമിക്കുന്ന പതിനായിരക്കണക്കിനു പേർക്കാണ് കാസ്പ് തുണയായത്. രണ്ടു വർഷക്കാലംകൊണ്ട് സാധാരണക്കാരായ 22.37 ലക്ഷം നിർധനരായ രോഗികൾക്ക് പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകാനായി. 2019 - 20 വർഷം 11.73 ലക്ഷം പേർക്കും 2020 - 21 വർഷം 10.64 ലക്ഷം പേർക്കുമാണ് പദ്ധതിയിലൂടെ ചികിത്സ ലഭിച്ചത്. ഈ കാലയളവിൽ 1217.35 കോടി രൂപയുടെ ചികിത്സയാണ് നൽകിയത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയ കഴിഞ്ഞ ഒരു വർഷകാലയളവിൽ 653.15 കോടി രൂപ ചെലവഴിച്ചു.

കേരളത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ഇതുവരെ 735 ആശുപത്രികൾ എസ്.എച്ച്.എ യുടെ ഭാഗമായി സൗജന്യചികിത്സ ലഭ്യമാക്കിവരികയാണ്. 41.6 ലക്ഷം കുടുംബങ്ങൾ കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതിയുടെ ഭാഗമാണ്. മൂന്നുലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യവും എസ്.എച്ച്.എ വഴി സംസ്ഥാന സർക്കാർ ലഭ്യമാക്കുന്നു.

### സ്റ്റേറ്റ്ഹെൽത്ത് ഏജൻസി രൂപീകരണം

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി 2020 ലാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകരിച്ചത്. ഏജൻസിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സംസ്ഥാനതല ഓഫീസും ജില്ലാതലത്തിൽ ജില്ലാ ഓഫീസുകളും സജ്ജമാക്കി പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ ആദ്യവർഷത്തെ നിർവഹണകരാർ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിക്കായിരുന്നു. എന്നാൽ 2020ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകരിക്കുകയായിരുന്നു.

(ശേഷം 2-ാം പേജിൽ)




| | Claim Count (in Lakhs) | Paid Amount (Rs. In Cr) |
|---|---|---|
| 2019 - 21 | 22.37 | 1217.35 |
| 2020-21 | 10.64 | 650.28 |
| 2019-20 | 11.73 | 567.67 |

2019 - 21 2020-21 2019-20

# ജാഗ്രത തുടരണം...

കുറയ്ക്കാൻ കഴിഞ്ഞു. മറ്റു ജില്ലകളിൽ ടി.പി.ആർ. കുറയ്ക്കാൻ വലിയ പരിശ്രമമാണ് നടത്തുന്നത്. ഇനി വരുന്ന കോവിഡ് മൂന്നാം തരംഗത്തേയും നേരിടുന്നതിന് ആരോഗ്യവകുപ്പ് നേരത്തെതന്നെ മുന്നൊരുക്കങ്ങൾ നടത്തി. എല്ലാ ജില്ലകളേയും ഉൾക്കൊള്ളിച്ച് അവലോകനയോഗം ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു. ജില്ലാതലത്തിലുള്ള വെല്ലുവിളികൾ മനസിലാക്കാനും അതിന് പരിഹാരം കാണാനും കൂടിയായിരുന്നു യോഗം. ഡി.എം.ഒ.മാരുടെ നേതൃത്വത്തിൽ കോവിഡ് ആശുപത്രികളിലെ സജ്ജീകരണങ്ങൾ നിരന്തരം വിലയിരുത്തുന്നതാണ്. ആശുപത്രികളിൽ തുടങ്ങിവച്ച ഐ.സി.യു. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പൂർത്തിയാക്കും. കോവിഡ്, നോൺ കോവിഡ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളും പ്രതിരോധ സാമഗ്രികളും ഉപകരണങ്ങളും കൂടുതലായി സജ്ജമാക്കുന്നതാണ്.

മൂന്നാം തരംഗം ഉണ്ടായാൽ നടപ്പാക്കേണ്ട ആക്ഷൻപ്ലാൻ ആവിഷ്‌ക്കരിച്ചു. ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനൊപ്പം തന്നെ പരമാവധി ജനങ്ങൾക്ക് വാക്‌സിൻ നൽകി സുരക്ഷിതരാക്കാനാണ് ശ്രമിക്കുന്നത്. സ്വകാര്യആശുപത്രികളുടെ പങ്കാളിത്തവും ഉറപ്പുവരുത്തും. പ്രതിദിനം രണ്ടര ലക്ഷം പേർക്ക് വാക്‌സിൻ നൽകുക എന്നതായിരുന്നു ലക്ഷ്യം. ചില ദിവസങ്ങളിൽ ലക്ഷ്യത്തിനുമുകളിൽ കൈവരിക്കാൻ നമുക്കായി. വാക്‌സിൻ ലഭ്യമാകുന്ന മുറയ്ക്ക് ഇനിയും വാക്‌സിനേഷൻ വർദ്ധിപ്പിക്കും. രജിസ്‌ട്രേഷൻ ചെയ്യാൻ അറിയാത്ത സാധാരണക്കാർക്കായി രജിസ്‌ട്രേഷൻ ഡ്രൈവ് നടത്തും. ഓക്‌സിജൻ ക്ഷാമം ഉണ്ടാകാതിരിക്കാൻ പ്രതിദിന ഉത്പാദനം 60 മെട്രിക്ടൺ ആക്കി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. അനുവദിച്ച ഓക്‌സിജൻ പ്ലാന്റുകൾ എത്രയും വേഗം പൂർത്തിയാക്കും. മരുന്നുകൾ, ഉപകരണങ്ങൾ, പരിശോധനാസാമഗ്രികൾ, സുരക്ഷാഉപകരണങ്ങൾ എന്നിവ നേരത്തെ തന്നെ സംഭരിക്കാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)ന് നിർദേശം നൽകി. ഓക്‌സിജൻ കിടക്കകൾ, ഐ.സി.യു., വെന്റിലേറ്റർ എന്നിവയുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

മൂന്നാം തരംഗം കുട്ടികളെകൂടി ബാധിക്കുമെന്ന് കണ്ട് ആരോഗ്യവകുപ്പ് ഒരു സർജ്പ്ലാൻ ആവിഷ്‌ക്കരിച്ച് നടപ്പാക്കിവരുന്നു. മെഡിക്കൽ കോളേജുകൾ, മറ്റ് സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സാസൗകര്യങ്ങൾ വർധിപ്പിക്കുന്നതാണ്. പീഡിയാട്രിക് ഐ.സി.യു. കിടക്കകളുടെ എണ്ണവും വർധിപ്പിക്കും. ഐ.സി.യു. ജീവനക്കാർക്ക് ഇടയ്ക്കിടെ വിദഗ്ധപരിശീലനം നൽകും. ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കാൻ ഇൻഫെക്ഷൻ ഡിസീസസ് കൺട്രോൾ പരിശീലനവും നൽകും. കോവിഡിനോടൊപ്പംതന്നെ മറ്റുപകർച്ചവ്യാധികളും പ്രതിരോധിക്കാനുള്ള ശ്രമത്തിലാണ് ആരോഗ്യവകുപ്പ്. പല ആശുപത്രികളും കോവിഡ് ചികിത്സയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ മറ്റു പകർച്ചവ്യാധികളുടെ കാര്യത്തിലും നാം കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അവ ഫലപ്രദമായി തടഞ്ഞില്ലെങ്കിൽ പലപ്പോഴും വെല്ലുവിളിയുണ്ടാകും. അതിനാൽ തന്നെ മറ്റു പകർച്ചവ്യാധികളെയും പ്രതിരോധിക്കാനുള്ള തീവ്രശ്രമത്തിലാണ് ആരോഗ്യവകുപ്പ്.

കേരളം ഒറ്റമനസ്സോടെ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളും സജ്ജീകരിച്ച ചികിത്സാ സംവിധാനങ്ങളുമാണ് കോവിഡ് വ്യാപനമടക്കമുള്ള വെല്ലുവിളികളെ അതിജീവിക്കാൻ നമ്മെ പ്രാപ്തമാക്കിയത്. ഇക്കാര്യത്തിൽ ആരോഗ്യസുരക്ഷാരംഗത്തെ വിവിധപദ്ധതികളെയും ഏജൻസികളെയും സ്ഥാപനങ്ങളെയും കൂട്ടിയിണക്കി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടത്തിവരുന്ന സേവനങ്ങൾ പ്രശംസനീയമാണ്. ആ ശ്രമം ഇനിയും ഊർജിതമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ** IAS
(എക്‌സിക്യുട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്‌സിക്യുട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)
**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്‌ട്രേഷൻ)
**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )
**വിപിൻ സി മാത്യു**
(മാനേജർ - ഫിനാൻസ്)
**ഡോ വിമൽ വി വി**
(മാനേജർ - HN & QA)
**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**


# രണ്ടാംവർഷത്തിലേക്ക്....



*ഒന്നാം പേജ് തുടർച്ച....*

2020 ജൂലൈ ഒന്നിനാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവത്തനം ആരംഭിച്ചത്. അനുദിനം വർധിച്ചുവരുന്ന ചികിത്സാച്ചെലവ് പരിഹരിക്കാനായുള്ള ഒരു നിർണായക ചുവടുവയ്പ്പാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ രൂപീകരണം. പൊതുജനാരോഗ്യ സംവിധാനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം സാധാരണക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. വ്യത്യസ്ത വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിവന്ന വിവിധ ആരോഗ്യ പരിരക്ഷാപദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കുകയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മുഖ്യദൗത്യം.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ രൂപീകരണത്തിന് ശേഷം കേരളത്തിലെ എല്ലാ എംപാനൽ ആശുപത്രികളിലും ഹൈടെക് കിയോസ്‌കുകൾ സജ്ജമാക്കിവരുന്നു. മുൻകാലങ്ങളിൽ കിയോസ്ക്കുകളുടെ അപര്യാപ്തത കാരണം പദ്ധതിയുടെ സേവനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തുന്നതിന് കാലതാമസമെടുത്തിരുന്നു. ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായാണ് സ്റ്റേറ്റ് ഹെൽത്ത്

## നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

- 22.37 ലക്ഷം രോഗികൾക്ക് ആരോഗ്യപരിരക്ഷ ലഭ്യമാക്കി
- 1217.35 കോടി രൂപ ഇതിനായി ചെലവഴിച്ചു.
- 41.56 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യപദ്ധതിയുടെ ഇ-കാർഡ് നൽകി. അർഹരായ ഗുണഭോക്താക്കൾക്ക് ഇ-കാർഡ് എടുക്കുന്നതിനായിഎംപാനൽചെയ്തആശുപത്രികളിൽ ഹൈടെക് കിയോസ്കുകൾ സ്ഥാപിച്ചുവരികയാണ്.
- കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായി 273 സ്വകാര്യ ആശുപത്രികൾ എസ്.എച്ച്.എ യുമായി എംപാനൽ ചെയ്തു.
- 57,875 കോവിഡ് രോഗികൾക്ക് കാസ്പ് പദ്ധതിവഴി ആശുപത്രികളിൽ നിന്ന് സൗജന്യ ചികിൽസ ലഭ്യമാക്കി.
- ഇതിനായി ആശുപത്രികൾ സമർപ്പിച്ച തുക 177.56 കോടി രൂപയാണ്. ഇതിൽ 70.9 കോടി രൂപ ആശുപത്രികൾക്ക് ലഭ്യമാക്കി .

ഏജൻസിയുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം കിയോസ്കുകൾ സജ്ജമാക്കുന്നത്. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ ഇ-കാർഡ് രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് വരെയുള്ള എല്ലാ സേവനങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അറിയിപ്പുകളും കിയോസ്കുകൾ വഴി ലഭ്യമാകും. അർഹരായ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് അവർക്ക് ഇ-കാർഡ് നൽകാനും കിയോസ്കുകൾ സഹായകരമാകും.

### കൂടുതൽ സ്വകാര്യ ആശുപത്രികൾ പദ്ധതിയിലേക്ക്


2019-20 സാമ്പത്തിക വർഷം 221 സ്വകാര്യആശുപത്രികളും 190 സർക്കാരാശുപത്രികളും ആണ് പദ്ധതിയിൽ അംഗമായിരുന്നത്. എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവർത്തനമാരംഭിച്ചതോടെ എംപാനൽ ആശുപത്രികളുടെ എണ്ണം 735 ആയി. ഇതുവരെ കേരളത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് പദ്ധതിയുടെ ഭാഗമായി 1217.35 കോടിരൂപ നൽകി. ഇങ്ങനെ ലഭ്യമാക്കിയ തുക ചികിത്സാചെലവുകൾക്ക് പുറമേ ആശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ആസ്തിവികസനത്തിനും മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഉപയോഗിച്ചുവരുന്നു.

പദ്ധതിയിൽ അംഗമായ ആശുപത്രികളിൽ അനവധി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. നിലവിൽ അംഗങ്ങളായ 735 ആശുപത്രികളിലായി രണ്ടായിരത്തോളം മെഡിക്കൽ കോർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നു.




*കോവിഡ് രണ്ടാം തരംഗം അതിജീവന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായ് സ്വകാര്യ ആശുപത്രി മാനേജ്മെന്റ് പ്രതിനിധികളുമായി സർക്കാർ നടത്തിയ ഓൺ ലൈൻ കൂടിയാലോചനയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു.*

# കോവിഡ് ചികിത്സ സ്വകാര്യ ആശുപത്രികളിലും




| | Claim Count | Claim Submitted Amount (Rs. In Cr) | Claim Paid Amount (Rs. In Cr) |
|---|---|---|---|
| Non - PM JAY beneficiaries | 36,958 | 1,26,76,44,526 | 47,35,43,843 |
| PMJAY - KASP beneficiaries | 22,277 | 55,60,99,708 | 23,69,20,347 |

സ്വകാര്യ ആശുപത്രികളെക്കൂടി പങ്കാളികളാക്കി കേരളത്തിൽ കോവിഡ് ചികിത്സയും പ്രതിരോധവും ഊർജ്ജിതപ്പെടുത്താനുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഉദ്യമത്തിന് മികച്ച പ്രതികരണം. 273 ആശുപത്രികൾ ഇതിനകം സൗജന്യ കോവിഡ് ചികിത്സയ്ക്കായി എംപാനൽ ചെയ്തു. കോവിഡിന്റെ ഒന്നാം തരംഗത്തിൽ 86 സ്വകാര്യ ആശുപത്രികളിൽ ആയിരുന്നു സൗജന്യ ചികിത്സ ഒരുക്കിയിരുന്നത്.

കോവിഡ്-19 ലോക്ക്ഡൗൺ നിയന്ത്രണത്തിൽ 2020 മെയ് മാസത്തോടെ ഇളവ് വരുത്തിയ സാഹചര്യത്തിൽ കേരളത്തിൽ കോവിഡ് രോഗികളുടെ എണ്ണം വർധിക്കാം എന്ന വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കൂടുതൽ സ്വകാര്യആശുപത്രികളെ എംപാനൽ ചെയ്യാൻ നടപടി സ്വീകരിച്ചത്. അതിന്റെ ഫലമായി സ്വകാര്യ ആശുപത്രികളിൽ 21,382 കിടക്കകൾ കൂടി കണ്ടെത്താനായി. കൂടാതെ 2201 ഐ സി യു കിടക്കകളും 1109 വെന്റിലേറ്ററുകളും കോവിഡ് രോഗികൾക്ക് മാത്രമായി സജ്ജീകരിച്ചു. ആരോഗ്യമന്ത്രിയുടെ അധ്യക്ഷതയിൽ സ്വകാര്യ ആശുപത്രിപ്രതിനിധികളുമായി പലയാവൃത്തി നടത്തിയ കൂടിയാലോചനകളിലൂടെയാണ് തീരുമാനമെടുത്തതും ചികിത്സാനിരക്ക് നിജപ്പെടുത്തിയതും. തുടർന്ന് എസ്.എച്ച്.എ എക്സിക്യൂട്ടീവ് ഡയറക്ടർ നാഷണൽ ഹെൽത്ത് അതോറിറ്റിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എ.ബി.പി.എം.ജെ.എ.വൈ കാസ്പ് ഹെൽത്ത് ബെനഫിറ്റ് പാക്കേജ് 2.0 പരിഷ്ക്കരിക്കുകയും ഇൻഫെക്ഷൻ ഡിസീസസ് എന്ന സ്പെഷ്യലിറ്റി ഉൾപ്പെടുത്തുകയും ചെയ്തു. എ.ബി.പി.എം.ജെ.എ.വൈ കാസ്പ് ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിലും മാറ്റങ്ങൾ വരുത്തി. സ്വകാര്യ ആശുപത്രികളിൽ കോവിഡ് - 19 ചികിത്സയ്ക്കായി നിജപ്പെടുത്തിയ പ്രതിദിന ചികിത്സാ നിരക്ക് താഴെകൊടുക്കുന്നു (GO (Rt) No.1246 /2020 /H & FW തീയതി 6.07.2020) ജനറൽ വാർഡ്: 2300 രൂപ, എച്ച്.ഡി.യു: 3300രൂപ, ഐ സി യു വെന്റിലേറ്റർ ഇല്ലാതെ : 6500 രൂപ; വെന്റിലേറ്റർ ഐ സി യു 11500 രൂപ. മെഡിക്കൽ പാക്കേജിന് പുറമെ പി.പി.ഇ കിറ്റിന് ഒരു രോഗിക്ക് പരമാവധി ചെലവ് ഒരു ലക്ഷം രൂപ വരെയായും നിജപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഇതിനകം 58,550 കോവിഡ് രോഗികൾക്ക് കാസ്പ് പദ്ധതിയിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കി. കാസ്പ് പദ്ധതിയിൽ അംഗത്വ കാർഡ് ഉള്ളവർക്കും സർക്കാർ അംഗീകരിച്ച നിർദിഷ്ട ഫോറത്തിൽ സർക്കാർ ഡോക്ടർമാർ റഫർ ചെയ്യുന്ന കോവിഡ് രോഗികൾക്കുമാണ് എസ്.എച്ച്.എ എംപാനൽ ചെയ്ത ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാകുന്നത്.

ഇതിനകം അംഗത്വകാർഡുള്ള 22,277 രോഗികൾക്ക് 55.60 കോടി രൂപയും സർക്കാർ റഫർ ചെയ്ത 36,958 രോഗികൾക്ക് 126.76 കോടി രൂപയുമടക്കം 182.36 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു. ■

# കോവിഡ് : ആസൂത്രണമികവിൽ അതിജീവനനേട്ടവുമായി കോട്ടയം



രണ്ടാംനിര കോവിഡ് ചികിത്സാകേന്ദ്രങ്ങളിലുൾപ്പെടെ ആവശ്യാനുസൃതം ഓക്സിജൻ കിടക്കകളൊരുക്കിയും പരിചരണകേന്ദ്രങ്ങളെ ഏകോപിപ്പിച്ചും കോട്ടയം ജില്ല നടത്തിയ ശ്രദ്ധേയമായ ചുവടുവയ്പുകൾ കോവിഡ് രണ്ടാം തരംഗത്തെ അതിജീവിക്കുന്നതിൽ നിർണായകനേട്ടമായി.

കോവിഡ് ബാധിച്ച് ചികത്സയിലിരുന്ന രോഗികൾക്ക് ഓക്സിജൻ കിടക്കകൾ ലഭ്യമാക്കുക എന്നതായിരുന്നു ഏപ്രിൽ, മെയ് മാസങ്ങളിൽ നാം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. കോട്ടയം മെഡിക്കൽ കോളേജ്, കോട്ടയം ജനറൽ ആശുപത്രി എന്നിവയാണ് ജില്ലയിലെ പ്രധാന കോവിഡ് ആശുപത്രികൾ. എന്നാൽ ഏറ്റവും ഗുരുതരാവസ്ഥയിലുള്ളവരെ മാത്രം ഇവിടേയ്ക്ക് കൊണ്ടുവരികയും ബാക്കിയുള്ളവരെ രണ്ടാംനിര ചികിത്സാകേന്ദ്രങ്ങളിൽ തന്നെ പരിചരിക്കയും ചെയ്യുന്ന സമീപനം വിജയം കണ്ടു എന്നു വേണം കരുതാൻ.

ഇതിനായി വികേന്ദ്രീകൃതമായി ജില്ലയിലെ എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും ഓക്സിജൻ കിടക്കകൾ ലഭ്യമാക്കാനായത് ജില്ലയിലെ കോവിഡ് മരണ നിരക്കുകൾ ഗണ്യമായി കുറയക്കുന്നതിന് സഹായിച്ചു.

ജൂൺ 6 ലെ കണക്കുകൾ അനുസരിച്ച് ജില്ലയിൽ ആകെ കോവിഡ് പോസിറ്റീവ് ആയവർ 1.85 ലക്ഷം ആളുകളാണ്. അതിൽ 426 പേരുടെ മരണമാണ് കോവിഡ് മൂലം എന്ന് സ്ഥീരീകരിച്ചിട്ടുള്ളത്.0.23 ശതമാനം വരും ഇത്. സംസ്ഥാന തലത്തിലുള്ള കണക്കുകളുമായി (0.38) താരതമ്യം ചെയ്താൽ ഇത് വളരെ കുറവാണെന്ന് കാണാം.

*ജില്ലയിലെ പ്രതിദിന ഓക്സിജൻ ആവശ്യം വർദ്ധിച്ചതോടെ മെയ് മൂന്നാം തീയതി കളക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ജില്ലാതല ഓക്സിജൻ വാർ റൂം ജില്ലയിലെ എല്ലാ കോവിഡ് കോവിഡിതര ചികിത്സാ കേന്ദ്രങ്ങളിലും ആവശ്യമായ ഓക്സിജൻ എത്തിക്കുന്നതിന് നിതാന്ത ജാഗ്രത പുലർത്തിവരികയാണ്.*

ജില്ലാ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ മികവാർന്ന ആസൂത്രണവും മുന്നൊരുക്കങ്ങളുമാണ് ഈ നേട്ടത്തിന് അടിത്തറ പാകിയത്. ജില്ലയിലെ സർക്കാർ മേഖലയിലുള്ള നൂറിലധികം പരിചരണ കേന്ദ്രങ്ങളെ ഏകോപിപ്പിക്കുന്നതിന് ദേശീയ ആരോഗ്യ ദൗത്യ വിഭാഗം വഹിച്ച പങ്ക് നിസ്തുലമാണ്. ഒപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സ്വകാര്യ ആശുപത്രികളിലും കോവിഡ് രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ സാധിച്ചു.

അറുന്നൂറോളം ഓക്സിജൻ കിടക്കകൾ രണ്ടാംനിര ചികിത്സാകേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. അതിനാൽ തന്നെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഓക്സിജൻ ആവശ്യമുള്ള രോഗികളെ അതത് താലൂക്കുകളിൽ തന്നെ ചികിത്സിക്കാൻ സാധിക്കും. കോവിഡ് ആശുപത്രികളായ മെഡിക്കൽ കോളേജിലും ജനറൽ ആശുപത്രിയിലും ഇതര ജില്ലകളിൽ നിന്നുള്ള രോഗികളെയും പരിചരിക്കുന്നുണ്ട്. ജില്ലയിലെ പ്രതിദിന ഓക്സിജൻ ആവശ്യം വർദ്ധിച്ചതോടെ മെയ് മൂന്നാം തീയതി കളക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ജില്ലാതല ഓക്സിജൻ വാർ റൂം ജില്ലയിലെ എല്ലാ കോവിഡ് കോവിഡിതര ചികിത്സാകേന്ദ്രങ്ങളിലും ആവശ്യമായ ഓക്സിജൻ എത്തിക്കുന്നതിന് നിതാന്ത ജാഗ്രത പുലർത്തിവരികയാണ്.

ഐ.സി.യു കിടക്കകൾ ഉൾപ്പെടെ ഏതാണ്ട് 2500 ഓക്സിജൻ കിടക്കകളാണ് ജില്ലയിലെ സർക്കാർ സ്വകാര്യ മേഖലയിലായി സജ്ജമാക്കിയിരിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ മാത്രം 800ലധികം ഓക്സിജൻ കിടക്കകൾ ലഭ്യമാണ്. ഇതിനുപുറമേ 337 വെന്റിലേറ്ററുകളും സജ്ജമാണ്. ജില്ലാ കളക്ടറേറ്റിൽ കോവിഡ് കൺട്രോൾ റൂമും ഓക്സിജൻ വാർ റൂമും 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. സ്വകാര്യ ആശുപത്രികളുടെ കിടക്കകളുടെ തത്സമയ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ പറ്റുംവിധം കാരിത്താസ് ആശുപത്രിയിൽ ഒരു കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ ജില്ലയിൽ 47 കിലോലിറ്റർ ദ്രവീകൃത ഓക്സിജൻ ശേഖരിക്കാനുള്ള പ്ലാന്റുകൾ വിവിധ സർക്കാർ സ്വകാര്യ ആശുപത്രികളിലായി ലഭ്യമാണ്. ഇത്തരത്തിൽ ഒരോ കിലോ ലിറ്റർ സംഭരണ ശേഷിയുള്ള 10 പ്ലാന്റുകൾ കൂടി ഉടൻ സ്ഥാപിക്കും. കൂടാതെ മിനിറ്റിൽ 3500 ലിറ്റർ വാതക ഓക്സിജൻ ഉല്പാദിപ്പിക്കാൻ കഴിയുന്ന എട്ടു ജനറേറ്ററുകളും ജില്ലയിലുണ്ട്. വൈകാതെ തന്നെ ആറു പുതിയ ജനറേറ്ററുകൾ കൂടി സ്ഥാപിക്കുന്നതോടെ ആകെ ഉൽപാദനശേഷി ഒരു മിനിട്ടിൽ 10,000 ലിറ്റർ ആയി വർദ്ധിപ്പിക്കാൻ സാധിക്കും. ജില്ലാ കളക്ടർ എം അഞ്ജനയുടെ നേതൃത്വത്തിൽ ദുരന്തനിവാരണ വിഭാഗവും ഓക്സിജൻ ലഭ്യത ഉറപ്പു വരുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരികയാണ്. സബ് കളക്ടർ രാജീവ് കുമാർ ചൗധരി, ജില്ലാ മെഡിക്കൽ ഓഫീസർ ജേക്കബ് വർഗീസ് തുടങ്ങിയവർ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.

ജില്ലയിൽ ആറു സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. ഈ ആശുപത്രികൾ വഴിയും കോവിഡ് ബാധിതർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാൻ കഴിയും. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജില്ലാ പ്രോജക്ട് കോ-ഓഡിനേറ്റർ ടോണി തോമസാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

**ഡോ. വ്യാസ് സുകുമാരൻ**
ജില്ല പ്രോഗ്രാം മാനേജർ
ദേശീയ ആരോഗ്യ ദൗത്യം,
കോട്ടയം

# കോവിഡ് മഹാമാരിയിൽ കാരുണ്യവർഷമായി 'കാസ്പ്'

കോവിഡിന്റെ പ്രാരംഭഘട്ടം. കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജിൽ കോവിഡ് നോഡൽ ഓഫീസറായി ആയി പ്രവർത്തിച്ചുവരികയായിരുന്നു, ഞാൻ. ഒരു മധ്യവയസ്കൻ, യുവാവായ തന്റെ മകനുമായി ഞങ്ങളുടെ ഫിവർ ക്ലിനിക്കിൽ എത്തി. പരിശോധനാഫലം വന്നപ്പോൾ കോവിഡ്. അഡ്മിറ്റ് ആകണം എന്ന് ഞാൻ നിർദേശിച്ചു. എന്നാൽ ആ മനുഷ്യൻ വിതുമ്പിക്കരഞ്ഞുകൊണ്ട് പറഞ്ഞു, 'ഇനിയൊരു ചികിത്സച്ചെലവ് എനിക്ക് താങ്ങാൻ കഴിയില്ല. മകൻ നാല് വർഷം മുൻപ് ഒരു അപകടത്തിൽപ്പെട്ട് കിടപ്പിലായിരുന്നു. ഉള്ളതെല്ലാം വിറ്റുപെറുക്കിയാണ് അവന്റെ ചികിത്സ നടത്തിയത്. അവൻ ജീവിതത്തിലേക്ക് തിരിച്ചുവരുന്നതേയുള്ളു'.

യുവാവിനെ സർക്കാർ ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിനായി ഞാൻ കോവിഡ് കൺട്രോൾ സെല്ലുമായി ബന്ധപ്പെട്ടു. എന്നാൽ ജില്ലാ ആശുപത്രിയിലോ പാരിപ്പള്ളി മെഡിക്കൽ കോളേജിലോ കിടക്ക ഇല്ല എന്നറിയാൻ കഴിഞ്ഞു. തുടർന്ന് എന്തെങ്കിലും വഴിയുണ്ടോയെന്നറിയാൻ കാരുണ്യപദ്ധതി ജില്ലാ കോഓർഡിനേറ്ററെ വിളിച്ചു. ഇവർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അവരോട് അന്വേഷിക്കാൻ കോർഡിനേറ്റർ നിർദ്ദേശിച്ചു. 'തന്റെ പേരിൽ കാർഡുണ്ട്. മകന്റെ പേരിലില്ല. പക്ഷെ ഇത്രയും വലിയ ആശുപത്രിയിൽ ഈ കാർഡെടുക്കുമോ' എന്നായിരുന്നു അയാളുടെ ആശങ്ക. അപ്പോഴാണ് പദ്ധതിയെപ്പറ്റി എനിക്ക് കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞത്; ഈ പദ്ധതിവഴി കോവിഡിന് സൗജന്യ ചികിത്സ നൽകാൻ കഴിയുമെന്നും.

> *ആശുപത്രിബില്ലുകൾ അടയ്ക്കുന്നതിനുള്ള ആകുലത പാവപ്പെട്ടവർക്ക് ചോദ്യചിഹ്നം ആയേക്കാവുന്ന സാഹചര്യത്തിലാണ് സർക്കാർ ചെലവിൽ അവർക്ക് മെച്ചപ്പെട്ട ചികിത്സ സൗജന്യമായി നൽകുന്ന 'കാസ്പ്' പദ്ധതി കാരുണ്യത്തിന്റെ പര്യായമായി മാറുന്നത്*

അപ്പോൾ തന്നെ ഞങ്ങളുടെ ആശുപത്രിയിലെ കാരുണ്യകൗണ്ടറുമായി ബന്ധപ്പെട്ട് മകന്റെപേരിൽ 'ആഡ്മെമ്പർ' ഓപ്ഷൻ വഴി കാർഡ് ഏർപ്പാട് ചെയ്തു. അവർക്കത് ആദ്യം വിശ്വസിക്കാനായില്ല. ഈ പദ്ധതിയെപറ്റി കേട്ടപ്പോൾത്തന്നെ അയാളിൽ ആശ്വാസവും ആത്മവിശ്വാസവും നിറയുന്നത് ഞാൻ കണ്ടു. തൊഴുകൈയോടെ അയാൾ പറഞ്ഞു:'ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ'.

രണ്ടാഴ്ചത്തെ ചികിത്സയ്ക്ക്ശേഷം ആരോഗ്യം വീണ്ടെടുത്ത മകനെ ഡിസ്ചാർജ്ചെയ്തു. എല്ലാവരോടും നന്ദിപറഞ്ഞ് ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയുമാണ് അവർ മടങ്ങിയത്.

അന്ന്തുടങ്ങി കോവിഡ് രണ്ടാംതരംഗത്തിലും ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ...... കോവിഡ് നൽകുന്ന തീരാസങ്കടങ്ങൾക്കിടയിലും നിരവധിപേർക്ക് ഇതുപോലെ സംതൃപ്തിയും ആശ്വാസവും പകർന്നു നല്കാൻ കാരുണ്യപദ്ധതിക്ക് സാധിക്കുന്നു എന്നതാണ് എന്റെ അനുഭവം. ഈ മഹാമാരി ആരോഗ്യത്തെ മാത്രമല്ല, മനുഷ്യന്റെ നിലനിൽപ്പിനെ തന്നെയാണ് ആത്യന്തികമായി ബാധിച്ചിരിക്കുന്നത്. ജനങ്ങൾ സാമ്പത്തികമായും മാനസികമായും വളരെയേറെ പ്രയാസപ്പെടുന്ന അവസ്ഥ. ചികിത്സചെലവ് പലർക്കും താങ്ങാവുന്നതിലും അപ്പുറംആയി മാറുന്ന സ്ഥിതി. ആശുപത്രിബില്ലുകൾ അടയ്ക്കുന്നതിനുള്ള ആകുലത പാവപ്പെട്ടവർക്ക് ചോദ്യചിഹ്നം ആയേക്കാവുന്ന സാഹചര്യത്തിലാണ് സർക്കാർ ചെലവിൽ അവർക്ക് മെച്ചപ്പെട്ട ചികിത്സ സൗജന്യമായി നൽകുന്ന 'കാസ്പ്' പദ്ധതി കാരുണ്യത്തിന്റെ പര്യായമായി മാറുന്നത്.

**ഡോ വിൻസി വിത്സൺ**
അസ്സോസിയേറ്റ് പ്രൊഫസർ, കമ്യൂണിറ്റി മെഡിസിൻ വിഭാഗം. ട്രാവൻകൂർ മെഡിക്കൽ കോളേജ് (Medicity), കൊല്ലം
നോഡൽ ഓഫീസർ – കോവിഡ് 19.

# ജാഗ്രതക്കുറവിന്റെ വില



കോഴിക്കോട് തിരുവമ്പാടി സ്വദേശിയാണ് മനോജൻ. 56 വയസ്സ്. വിഭാര്യൻ. വിധവയായ മകൾക്കൊപ്പമാണ് താമസം.

പെട്ടെന്നൊരുനാൾ ഉദരരോഗം മൂർച്ഛിച്ചു. മറ്റൊന്നുമാലോചിച്ചില്ല, മകൾ അദ്ദേഹത്തെ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. പരിശോധനകളെല്ലാം പൂർത്തിയാക്കി. കിടത്തി ചികിത്സിക്കണമെന്ന് ഡോക്ടർ നിർദേശിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ സഹായത്തിന് അർഹനാണ് മനോജൻ. പക്ഷെ ആശുപത്രിയിലേക്ക് പോകുമ്പോൾ ആരോഗ്യ ഇൻഷുറൻസ് കാർഡോ റേഷൻകാർഡോ കൈവശം വയ്ക്കാൻ മറന്നു.

ആശുപത്രിയിലെത്തി പ്രാരംഭ നടപടികളുടെ പണം അടച്ചു കഴിഞ്ഞാണ് തങ്ങൾക്ക് കാസ്പ് കാർഡുള്ള കാര്യം അവർ ആശുപത്രി അധികൃതരെ അറിയിച്ചതു തന്നെ. പക്ഷേ വൈകിപ്പോയിരുന്നു. അഡ്മിറ്റായി 24 മണിക്കൂറിനകം രജിസ്ട്രേഷൻ നടപടിക്രമങ്ങൾ നടത്താൻ സാധിക്കാത്തതു മൂലം അടച്ച മുഴുവൻ തുകയും തിരികെ ലഭിക്കുന്നതിനും സാധിച്ചില്ല. ഇനിയെങ്കിലും ഇങ്ങനെ വരാതെ നോക്കാം.......ആത്മഗതമായി മനോജൻ പറഞ്ഞു.

ഇത് നാമോരോരുത്തർക്കുമുള്ള പാഠമാണ്. കാരുണ്യ ഗുണഭോക്താക്കൾ ചികിത്സാ ആവശ്യങ്ങൾക്കായി പോകുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ തീർച്ചയായും ശ്രദ്ധിക്കണം

1. ആരോഗ്യ ഇൻഷുറൻസ് കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ കൈയിൽ കരുതുക
2. ആശുപത്രിയിലെത്തിയാലുടൻ കാർഡ് അധികൃതരെ കാണിച്ച് നിങ്ങൾക്ക് സ്കീമിന്റെ ആനുകൂല്യം ലഭിക്കുമെന്ന് ഉറപ്പു വരുത്തുക
3. അഡ്മിറ്റായി 24 മണിക്കൂറിനകം നിങ്ങളുടെ പേര് കാരുണ്യ പദ്ധതിയുടെ ആനുകൂല്യത്തിനായി രജിസ്റ്റർ ചെയ്തു എന്ന് ഉറപ്പു വരുത്തുക
4. റേഷൻ കാർഡിൽ പേരുള്ള ഏതെങ്കിലും കുടുംബാംഗത്തിന് ആരോഗ്യ ഇൻഷ്വറൻസ് കാർഡില്ലെങ്കിൽ ചികിത്സയ്ക്കുമുമ്പായി ആ ആൾക്ക് കാർഡ് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ചെയ്യാൻ ആശുപത്രി അധികൃതരോട് ആവശ്യപ്പെടുക
5. സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ തന്നെ ചികിത്സക്കായി തിരഞ്ഞെടുക്കുക. തിരഞ്ഞെടുത്ത ആശുപത്രികളുടെ വിവരങ്ങൾ താഴെപ്പറയുന്ന ലിങ്കിൽ ലഭ്യമാണ്

https://sha.kerala.gov.in/list-of-empanelled-hospitals/

**ലിനോജ് തോമസ്**
ജില്ല പ്രോജക്ട് കോർഡിനേറ്റർ,
കോഴിക്കോട്



# ലതികയ്ക്ക് ആശ്വാസമായി കാരുണ്യസ്പർശം

ചെത്തു തൊഴിലാളിയാണ് സദാശിവൻ. ഭാര്യ ലതിക. മകൻ രാജേഷ്. മുപ്പതു വർഷം മുമ്പ് കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ നിന്നും കാഞ്ഞങ്ങാടേയ്ക്ക് കുടിയേറിയ കുടുംബം. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ പെരിയോട്ടാണ് താമസം.

ചെത്ത്തൊഴിലിൽ ചുവടുറപ്പിച്ച് അവർ ജീവിതം കെട്ടിപ്പടുക്കുന്നതിനിടയിലാണ് എല്ലാം തകിടം മറിഞ്ഞത്. ലതിക നിത്യരോഗിയായി. ആറുവർഷം മുമ്പാണ് കാരണം കണ്ടെത്തിയത്. രണ്ടു വൃക്കകളും  തകരാറിലായി.

മംഗലാപുരത്തെ വിവിധ ആശുപത്രികളിൽ ചികിത്സ നടത്തി. പക്ഷെ ഫലമുണ്ടായില്ല. ഡയാലിസിസ് മാത്രമായിരുന്നു ജീവൻ നിലനിർത്താനുള്ള മാർഗം. മംഗലാപുരത്തേക്കുള്ള യാത്രാച്ചെലവ് അവർക്ക് ദുർവഹമായിരുന്നു. കടം കയറിയതോടെ കാഞ്ഞങ്ങാട്ടുള്ള സ്വകാര്യ ആശുപത്രികളിലായി ഡയാലിസിസ് ചികിത്സ. ആഴ്ചയിൽ മൂന്നെണ്ണം

ചികിത്സാ ചെലവുകൾ സദാശിവന്റെ കുടുബത്തിന് താങ്ങാനായില്ല. ആഴ്ചയിൽ അയ്യായിരത്തിലധികം രൂപ. ഇതിനിടയിൽ ആരോഗ്യപ്രശ്നങ്ങൾ കാരണം സദാശിവന് ചെത്തുതൊഴിൽ നിർത്തേണ്ടിവന്നു. ഇലക്ട്രിക്കൽ ജോലി ചെയ്യുന്ന മകൻ രാജേഷിനു ലഭിക്കുന്ന കൂലിയായിരുന്നു കുടുംബത്തിന്റെ ഏക വരുമാനം.

2019 ൽ യാദൃച്ഛികമായാണ് സദാശിവൻ കേരളസർക്കാരിന്റെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയെക്കുറിച്ചറിയുന്നത്. തുടർന്ന് പദ്ധതിയിൽ അർഹതയുണ്ടെന്ന് മനസ്സിലാക്കി അപേക്ഷിച്ചു. ഒട്ടും വൈകാതെ കാർഡ് അനുവദിച്ചുകിട്ടി. അതുപയോഗിച്ച് സഹായത്തിന് അപേക്ഷിച്ചു. അവിടെയും താമസമുണ്ടായില്ല. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ നിന്ന് സൗജന്യ ഡയാലിസിസ് അനുവദിച്ചു. അതോടെ ചികിത്സ കാഞ്ഞങ്ങാട് ജില്ലാആശുപത്രിയിലെ ഡയാലിസിസ് സെന്ററിലേക്ക് മാറ്റി

ആഴ്ചയിൽ മൂന്നുതവണ ഡയാലിസിസ് ചെയ്യുന്ന ലതികയ്ക്ക് ഓരോ ഡയാലിസിനും 900 രൂപ വീതം ആണ്  കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലൂടെ അനുവദിക്കുന്നത്. അതോടെ അവരുടെ ചികിത്സാഭാരം കുറഞ്ഞു. സർക്കാരിന്റെ കാരുണ്യസ്പർശം ആ കുടുംബത്തിന്  അത്താണിയായി. ഇത്തരത്തിൽ  നിരവധി കുടുംബങ്ങളാണ് കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിലൂടെ കടക്കെണിയിൽ നിന്ന് മോചിതരായത്.

**സിബിൻ ജോസ്ഫ്**
ജില്ല പ്രോജക്ട് കോർഡിനേറ്റർ,
കാസർകോട്

# പേടിക്കണ്ട,വഴിയുണ്ടാക്കാം, അവർ പറഞ്ഞു... അത് സംഭവിച്ചു

2021 മാർച്ച് ഏഴ്. കോവിഡ് മഹാമാരിയിൽ നാട് വിറങ്ങലിച്ചുനിന്ന കാലം. എന്റെ സഹോദരി ആത്തിക്കക്ക് പെട്ടെന്നൊരു തലചുറ്റൽ. കുളിമുറിയിൽ കുഴഞ്ഞുവീഴാൻ തുടങ്ങിയ അവരെ മകൾ ഓടിവന്ന് താങ്ങിയെടുത്തു. 'എന്റെ തലയ്ക്ക് എന്തോ സംഭവിച്ചു, ആരും തൊടരുത്' എന്നവർ നിലവിളിക്കുന്നുണ്ടായിരുന്നു.

കോവിഡ് കാലമായിരുന്നതിനാൽ ഏത് ആശുപത്രിയിൽ കൊണ്ടുപോകും എന്ന കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. എന്തുംവരട്ടെ എന്നു വിചാരിച്ച് ഉടനെതന്നെ അടുത്തുള്ള മദർകെയർഹോസ്പിറ്റലിൽ എത്തിച്ചു. സ്കാൻചെയ്തു. ന്യൂറോളജി വിഭാഗത്തിലെ ഡോക്ടർ സാബുവിന്റെ നിർദ്ദേശപ്രകാരം പെരിന്തൽമണ്ണയിലെ സ്വകാര്യആശുപത്രിയിൽ തലയുടെ ആഞ്ജിയോഗ്രാം നടത്തി. അപ്പോഴാണ് രോഗം കൃത്യമായി തിരിച്ചറിഞ്ഞത്. തലയുടെ ഇടതും വലതുമായി രണ്ടിടങ്ങളിൽ ബ്രെയിൻ അനൂറിസം എന്ന മാരകരോഗം.

*ഉടൻ ശസ്ത്രക്രിയ വേണം, ലക്ഷങ്ങൾ ചെലവു വരും. വൈകിയാൽ രോഗിയുടെ നില വഷളാകും എന്ന് ഡോക്ടർ പറഞ്ഞപ്പോൾ എല്ലാവരും തളർന്നു.*



*അപ്പോഴാണ് സഹോദരിക്ക് ആർ.എസ്.ബി.വൈ ഇൻഷുറൻസുള്ള വിവരം അറിയുന്നത്.*

ഉടൻ തന്നെ പാലക്കാട് ജില്ലാ പ്രോജക്ട് കോർഡിനേറ്റർ അരുൺസാറിനെ വിളിച്ചു. അദ്ദേഹത്തിന്റെ 'പേടിക്കണ്ട, വഴിയുണ്ടാക്കാം' എന്ന വാക്ക് ഞങ്ങൾക്ക് ധൈര്യം പകർന്നു. അദ്ദേഹം തന്ന ഫോൺ നമ്പറിൽ കോഴിക്കോട് ജില്ലാ കോഡിനേറ്റർ ലിനോജ് സാറിനെ ബന്ധപ്പെട്ടു. യാതൊരു തടസ്സവുമില്ലാതെ അഞ്ചു ലക്ഷം രൂപയുടെ ഇൻഷുറൻസ് തുക അനുവദിച്ചു. ആത്തിക്കയെ ശസ്ത്രക്രിയയ്ക്കായി ഉടൻ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി.

അതിനിടെ ന്യുമോണിയ കാരണം നിശ്ചയിച്ച ദിവസം ശസ്ത്രക്രിയ നടന്നില്ല. പിന്നെ മാർച്ച് 25 നായിരുന്നു ആദ്യശസ്ത്രക്രിയ. വലതുഭാഗത്ത് ഒരു സർജറി കൂടി വേണ്ടിവന്നു. അക്കാര്യം അരുൺസാറിനെയും ലിനോജ്സാറിനെയും അറിയിച്ചു. തുക അനുവദിക്കുംമുമ്പുതന്നെ ശസ്ത്രക്രിയ നടത്താൻ അവർ ആശുപത്രിക്ക് ഇമെയിൽ മുഖാന്തരം നിർദേശം നൽകി. അങ്ങനെ ഏപ്രിൽ പത്തിന് രണ്ടാമത്തെ ശസ്ത്രക്രിയയും വിജയകരമായി നടന്നു.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജീവനക്കാർ, ഡോക്ടർ രാഹുൽ, ഡോ സാബു, ഡോ റിനോയ് എന്നിവരുൾപ്പെട്ട പത്തോളം വരുന്ന ഡോക്ടർ സംഘം, നഴ്സുമാർ, മെഡിക്കൽ കോളേജിലെയും മദർകെയർ ആശുപത്രിയിലെയും ജീവനക്കാർ, ഇൻഷുറൻസ് വിഭാഗത്തിലെ തസ്ലീമമാഡം ..... അങ്ങനെ വലിയൊരു സംഘത്തിന്റെ കൂട്ടായ പരിശ്രമവും ആത്മാർത്ഥമായ പ്രവർത്തനവുമാണ് എന്റെ സഹോദരിയുടെ ജീവനും ഞങ്ങളുടെ ജീവിതവും രക്ഷിച്ചത്. എല്ലാവരോടും ഞങ്ങളുടെ കുടുംബം എന്നെന്നും കടപ്പെട്ടിരിക്കുന്നു

**അബ്ബാസ്**
ഗുണഭോക്താവ്, മണ്ണാർക്കാട്

# ആശങ്കവേണ്ട, പ്രാണവായുവിനായി 24 മണിക്കൂറും സജ്ജം: ഓക്സിജൻ വാർറൂം



ഭയചകിതമായ ആ നാളുകൾ കടന്നുപോയി. ഇന്ന് ആവശ്യത്തിലധികം ഓക്സിജൻ ലഭ്യമാകുന്ന അവസ്ഥയിലേക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുന്നു. നമ്മുടെ ഓക്സിജൻ വാർറൂം ഇന്നും സുസജ്ജമാണ്. അടുത്തൊരു മൂന്നാംതരംഗം ഉണ്ടായാൽപോലും പോരാടാൻ തയ്യാറായിതന്നെ, അതേവീര്യത്തോടെ ... അതിലേറെ ധൈര്യത്തോടെ ....ജില്ലാ ഭരണകൂടത്തിനൊപ്പം.

രാവിലെ ഓഫീസിൽ എത്തുമ്പോൾ പതിവ് ഉത്തരവാദിത്തങ്ങൾ ആയിരുന്നു മനസ്സിൽ. എന്നാൽ അന്നു കൈയിൽ കിട്ടിയ സർക്കാർ ഉത്തരവ് അതിനെയെല്ലാം മാറ്റിമറിച്ചു. കോവിഡ് രോഗികൾക്കു അവശ്യം ലഭ്യമാക്കേണ്ട ഓക്സിജൻ വിതരണസംവിധാനം സുഗമമാക്കാൻ ജില്ലാതല ഓക്സിജൻവാർറൂം സജ്ജമാക്കിയിരിക്കുന്നു. ഹോസ്പിറ്റലുകൾക്ക് തടസ്സംകൂടാതെ ഓക്സിജൻ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദപ്പെട്ട ഒരുടീമിലെ അംഗമാണ് ഞാനും എന്നു മനസിലാക്കുന്നത് അപ്പോഴാണ് .

വിമൻസ്കോളേജിൽ സജ്ജമാക്കിയിരിക്കുന്ന വാർറൂമിലേക്ക് ടീം അംഗങ്ങളായ ഞങ്ങൾ മൂന്നു പേർ പുറപ്പെട്ടു. അപ്പോഴും എന്താണ്ചെയ്യേണ്ടത് എന്നത് അജ്ഞാതമായിരുന്നു. സർക്കാർതല തീരുമാനങ്ങൾ ഒരു യുദ്ധസന്നാഹത്തിന്റെ വേഗതയിൽ പ്രവർത്തിച്ചു തുടങ്ങി. വാർറൂമിലേക്കുള്ള ഫോൺകണക്ഷൻ, നെറ്റ്കണക്ഷൻ, കമ്പ്യൂട്ടർ, പ്രിന്റർ... എല്ലാം എല്ലാം...ഞൊടിയിടയിൽ...

### അപ്പോഴും മനസിൽ സംശയം ബാക്കി...എന്ത്...ഏത്... എങ്ങനെ?

മെഡിക്കൽ ഓക്സിജനെപറ്റി ജില്ലാ പ്രോജക്ട് മാനേജർ (ദേശീയ ആരോഗ്യ ദൗത്യം, തിരുവനന്തപുരം ) എടുത്ത ക്ലാസ് വളരെ ഉപകാരപ്രദമായി. പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലെ പ്ലാന്റുകളിൽനിന്നും ലിക്വിഡ്മെഡിക്കൽ ഓക്സിജൻ ഇവിടെ എത്തിച്ചശേഷം അതേരൂപത്തിലും കൂടാതെ വാതകരൂപത്തിലാക്കിയും സിലിണ്ടറുകളിൽ നിറച്ച് ആശുപത്രികളിൽ എത്തിക്കണം.

### ആശങ്കയും ആവലാതിയും അനുനിമിഷം ഉൽക്കണ്ഠാകുലമാക്കിയ മണിക്കൂറുകൾ ...

24 മണിക്കൂറും ഇടതടവില്ലാതെ വരുന്ന ഫോൺകാളുകൾ. എൽ.എം.ഓ കണ്ടെയ്നർ എവിടെഎത്തി, എപ്പോഴെത്തും എന്നറിയാൻ കമ്പനിയുമായി നിരന്തരസംഭാഷണങ്ങൾ.. സ്റ്റോക്ക് മൂന്നോ നാലോ മണിക്കൂറിനുള്ളിൽ തീരും എന്ന ഭയപ്പെടുത്തുന്ന വിളികളുമായി ആശുപത്രികൾ...ഓക്സിജൻബെഡ് എങ്ങുമില്ല. രോഗികളുടെ എണ്ണം ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുന്നു. അങ്ങനെയായാൽ വെൻറ്റിലേറ്ററിലും ഓക്സിജൻബെഡിലും ഉള്ള രോഗികളുടെ അവസ്ഥ ... ശ്വാസം നിലച്ചുപോകുമോ എന്ന് സ്വയം ഭയപ്പെട്ട നിമിഷങ്ങൾ...

ഡോക്ടർമാർ, ബയോമെഡിക്കൽ എൻജിനീയർമാർ, വോളന്റിയർമാർ എന്നിവർ അടങ്ങുന്ന 20 പേരുള്ള ടീമിലേക്ക് ഞങ്ങൾ മൂന്നുപേർ അതിവേഗം ഭാഗഭാക്കായി. വളരെ ആസൂത്രിതമായ പദ്ധതിയിലൂടെ വോളന്റിയർമാർ മുതൽ ജില്ലാകളക്ടർ വരെ ഒരുമിച്ച് ഒരുപോലെ ഒരൊറ്റലക്ഷ്യത്തിനുവേണ്ടി അണിചേർന്ന ദിവസങ്ങൾ... ഒരൊറ്റ രോഗിയെപ്പോലും ഓക്സിജൻ ലഭ്യതക്കുറവുകാരണം മരണത്തിനു വിട്ടുകൊടുക്കില്ല എന്ന ദൃഢനിശ്ചയം ഇതിനകം വാർറൂമിലെ ഞങ്ങൾ ഓരോരുത്തരും എടുത്തിരുന്നു. അതിന്റെ ഭാഗമായി, ഇൻഡസ്ട്രിയൽ സിലിണ്ടേഴ്സ് എല്ലാം തന്നെ മെഡിക്കൽ ഓക്സിജൻ സിലിണ്ടർ ആക്കി മാറ്റാനുള്ള നിർദേശം ഭരണകൂടം കൊടുത്തു.

കൂടാതെ പലയിടങ്ങളിലും കൂടിക്കിടക്കുന്നതും ഉപയോഗത്തിലില്ലാത്തതും ആവശ്യത്തിൽ കൂടുതൽ ഉള്ളതുമായ എല്ലാസിലിണ്ടറുകളും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കണ്ടുകെട്ടുകയും വാർറൂമിൽതന്നെ ഒരു സ്റ്റോക്ക്റൂം സജ്ജീകരിക്കുകയും ചെയ്തു. അതിന്റെ ചുമതല തഹസിൽദാർമാരെ ഏല്പിച്ചു.

കൂടാതെ ഓരോ ആശുപത്രിയുടെയും ഓക്സിജൻലഭ്യത പരിശോധിക്കാൻ പ്രത്യേകം തഹസിൽദാർമാരെ അതാതു സ്ഥലങ്ങളിൽ ഏർപ്പെടുത്തി. ഓക്സിജൻ ഉപഭോഗത്തിന്റെ അളവ് വിലയിരുത്താനും അനാവശ്യഉപയോഗം കുറയ്ക്കാനുംവേണ്ടി ഓക്സിജൻ ഓഡിറ്റ്കമ്മിറ്റി രൂപീകരിക്കാൻ എല്ലാആശുപത്രികൾക്കും അടിയന്തര നിർദ്ദേശംകൊടുത്തു. ഈ കമ്മറ്റിയുടെ നോഡൽ ഓഫീസറുമായി നിരന്തരം ചർച്ചകൾ നടത്തുകയും ആശുപത്രികളിലെ ഓക്സിജൻ സംബന്ധമായ പ്രവർത്തനങ്ങൾ ചെയ്യുന്ന എല്ലാവർക്കും പരിശീലനം നൽകുകയും ചെയ്തു.

ആശുപത്രികൾക്ക് അവരുടെ ഓക്സിജൻ ആവശ്യം രേഖപ്പെടുത്തുന്നതിനായി ജാഗ്രതപോർട്ടലിൽ സൗകര്യം ഒരുക്കി. ജില്ലാ വാർറൂമും സംസ്ഥാന വാർറൂമും ഒരുപോലെ നിരീക്ഷിച്ച് വേണ്ട പോലെ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരുന്നു

ആശുപത്രികളിലെ ഓക്സിജൻ ലഭ്യത ഓരോമണിക്കൂറിലും വോളൻറ്റിയർമാർ ഫോണിലൂടെ മനസിലാക്കികൊണ്ടേയിരുന്നു. അത്യാവശ്യഘട്ടങ്ങിൽ വാർറൂമിൽനിന്നും സിലിണ്ടറുകൾ ലഭ്യമാക്കി ആശുപത്രികളെ സഹായിക്കാൻ സാധിച്ചു. കേരളത്തിലുള്ള കെഎംഎംഎൽ, ഇനോക്സ് ഉൾപ്പെടെയുള്ള ഓരോ ഓക്സിജൻപ്ലാന്റുകളുടെയും ഓക്സിജൻവിതരണകമ്പനികളുടെയും സേവനം സ്തുത്യർഹമാണ്. വാർറൂം അംഗങ്ങളിൽ പലരും പോസിറ്റീവ് ആവുകയും ക്വറന്റെയിനിൽ പോകുകയും ചെയ്തെങ്കിലും, വാർറൂം പോരാടിക്കൊണ്ടേയിരുന്നു... ഇരുപത്തിനാലു മണിക്കൂറും. ഒരു ആശുപത്രിയിൽ പോലും ഓക്സിജൻക്ഷാമം ഇല്ലാതെ മുന്നോട്ട്പോകാനായത് ജില്ലാ ഭരണകൂടത്തിന്റെ സമയോചിതമായ ഇടപെടലുകളും അസാമാന്യമായ ടീം വർക്കും കൊണ്ട് മാത്രം. ഭയചകിതമായ ആ നാളുകൾ കടന്നുപോയി. ഇന്ന് ആവശ്യത്തിലധികം ഓക്സിജൻ ലഭ്യമാകുന്ന അവസ്ഥയിലേക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുന്നു.

വിശപ്പിനും ദാഹത്തിനും ഉറക്കത്തിനും തളർത്താനാവാത്ത സേവനവ്യഗ്രതയോടെ ഒറ്റക്കെട്ടായി പോരാടിയ ആ നാളുകൾ ഇന്ന് അഭിമാനപൂർവ്വം ഓർക്കാൻസാധിക്കുന്നു.. നമ്മുടെ ഓക്സിജൻ വാർറൂം ഇന്നും സുസജ്ജമാണ്. അടുത്തൊരു മൂന്നാംതരംഗം ഉണ്ടായാൽപോലും പോരാടാൻ തയ്യാറായിതന്നെ, അതേവീര്യത്തോടെ ... അതിലേറെ ധൈര്യത്തോടെ ....ജില്ലാഭരണകൂടത്തിനൊപ്പം.

**ബിസ്മി എസ്.ജെ.നായർ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തിരുവനന്തപുരം

# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01
ലക്കം : 04
2021 ജൂൺ


## കാരുണ്യവും കാര്യക്ഷമതയും കൈകോർക്കുന്ന സർക്കാർ പദ്ധതി

കേരളത്തിൽ കോവിഡ് ബാധിതരുടെ കാര്യത്തിൽ ഏറ്റവും ശ്രദ്ധേയമായ ജില്ലകളിൽ ഒന്നാണല്ലോ എറണാകുളം. കോവിഡ് രോഗികളെ ചികിത്സിക്കാൻ തയ്യാറെടുക്കുന്ന 2020 ഒക്ടോബറിൽ തന്നെ ജില്ലാ ഭരണകൂടവും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ജില്ലാ കോ-ഓഡിനേറ്ററും ഞങ്ങളുടെ ആശുപത്രി എംപാനൽ ചെയ്യാനായി ബന്ധപ്പെട്ടിരുന്നു. എന്നാൽ ആദ്യം തോന്നിയത് വേണ്ട എന്നാണ്. സർക്കാർ പദ്ധതികളിൽ അംഗമാകുമ്പോഴുള്ള നൂലാമാലകളായിരുന്നു പിൻതിരിപ്പിച്ചത്. എന്നാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനേകരെ സഹായിക്കുന്ന കാര്യം ഓർത്തപ്പോൾ ഈ ദുരന്തസമയത്ത് മാറിനിൽക്കുന്നത് ഒട്ടും ശരിയല്ല എന്ന് തോന്നിയപ്പോഴാണ്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ കൃഷ്ണ ആശുപത്രിയും അംഗമായത്.

നടപടിക്രമങ്ങളെല്ലാംതന്നെ കാലതാമസമില്ലാതെ പൂർത്തിയാക്കാനായി. അങ്ങനെ സർക്കാർ റഫർ ചെയ്യുന്ന കോവിഡ് രോഗികളെ ചികിത്സിക്കാൻ ആരംഭിച്ചു. ആശുപത്രിയിൽ ആകെയുണ്ടായിരുന്ന 32 കോവിഡ് കിടക്കകളും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വേണ്ടി മാറ്റിവച്ച സമയമുണ്ടായിരുന്നു.

പരിചയക്കുറവും സാങ്കേതികപ്രശ്നങ്ങളും ആദ്യം അൽപം പ്രതിബന്ധങ്ങൾ സൃഷ്ടിച്ചെങ്കിലും കാരുണ്യ പദ്ധതിയുടെ ജില്ലാ കോ-ഓഡിനേറ്ററുടെ മികച്ച പിൻതുണയോടെ അതൊക്കെ മറികടക്കാനായി. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി നടത്തുന്ന ഓൺലൈൻ പരിശീലനങ്ങളും പ്രശ്നപരിഹാരത്തിനായുള്ള സംവിധാനങ്ങളും ഈ പദ്ധതിയെ മറ്റ് സർക്കാർ സ്കീമുകളിൽ നിന്നും വേറിട്ടതാക്കുന്നു. എല്ലാറ്റിലുമുപരി ചികിത്സയ്ക്ക് ചെലവായ പണം കൃത്യസമയത്ത് ലഭ്യമാക്കുന്നു എന്നത് സ്വകാര്യ ആശുപത്രി എന്ന നിലയിൽ ഞങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും മികച്ച സേവനമാണ്.

ഞങ്ങളുടെ ആശുപത്രിയിൽ ഇതു വരെ 394 രോഗികൾക്ക് ഈ പദ്ധതിയിലൂടെ ചികിത്സ നൽകാനായി എന്നത് ചാരിതാർത്ഥ്യം തരുന്ന കാര്യമാണ്. ക്ലെയിം ചെയ്ത തുകയുടെ 99 ശതമാനവും ലഭിച്ചുകഴിഞ്ഞു എന്നത് ഈ പദ്ധതിയുടെയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെയും പ്രവർത്തന മികവിനെ ഉയർത്തികാട്ടുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഇനിയും അനേക പാവപ്പെട്ട രോഗികൾക്ക് കൈത്താങ്ങാവട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. രാമസ്വാമി**
മാനേജിംഗ് പാർട്ണർ,
കൃഷ്ണ ആശുപത്രി, എറണാകുളം

## എംപാനൽ ചെയ്ത ആശുപത്രികൾക്ക് ക്വാളിറ്റി പരിശീലനം




ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രി അധികൃതർക്കും ജീവനക്കാർക്കും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ക്വാളിറ്റി പരിശീലനം ആരംഭിച്ചു. ആശുപത്രികളെ അവയുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ എ.ബി.പി.എം.ജെ.എ.വൈ ഗോൾഡ്, സിൽവർ, ബ്രൗൺസ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. അതിനടിസ്ഥാനമായ ഗുണനിലവാരസൂചികകൾ ആശുപത്രികൾക്ക് പരിചയപ്പെടുത്തുകയാണ് പരിശീലനലക്ഷ്യം. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ എംപാനൽ ചെയ്ത ആശുപത്രികളിലെ 343 ജീവനക്കാർ പരിശീലനത്തിൽ പങ്കെടുത്തു.

## മലബാർ കാൻസർ സെന്ററിന് സുവർണനേട്ടം




സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്ത തലശ്ശേരി മലബാർ കാൻസർ സെന്ററിന് ആയുഷ്മാൻഭാരത് പ്രധാനമന്ത്രി ജൻആരോഗ്യ യോജന(എ.ബി.പി.എം.ജെ.എ.വൈ)- കാസ്പ് ഗോൾഡൻ പുരസ്കാരം.

ഈ നേട്ടം കൈവരിക്കുന്ന കേരളത്തിലെ പ്രഥമ പൊതുമേഖല ആരോഗ്യ സ്ഥാപനമാണിത്. സേവനത്തിലെ ഗുണനിലവാരം, കൃത്യത, ആശുപത്രിയിലെ ചികിത്സാസജ്ജീകരണങ്ങൾ, ചികിത്സാ ചെലവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പുരസ്കാരം നിർണയിക്കുന്നത്. സേവനങ്ങളെകുറിച്ചു ജനങ്ങൾക്ക് വിവരം നല്കുന്നതിന് കാസ്പ് കിയോസ്ക് കൗണ്ടറുകൾ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. എ.ബി.പി.എം.ജെ.എ.വൈ കാസ്പ്ന്റെ കീഴിൽ മൂന്നുതരം ഗുണനിലവാര പുരസ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഗോൾഡ്, സിൽവർ, ബ്രൗൺസ്. സമ്പൂർണ NABH /JCI അംഗീകാരം ആണ് പുരസ്കാരത്തിന്റെ പ്രാരംഭമാനദണ്ഡം. NQAS /NABH എൻട്രി ലെവൽ അംഗീകാരം ആണ് സിൽവർ പുരസ്കാരത്തിന്റെ അർഹതാമാനദണ്ഡം. ബ്രൗൺസ് പുരസ്ക്കാരത്തിന് എ.ബി.പി.എം.ജെ.എ.വൈ - കാസ്പ് എംപാനൽ മാത്രവും. കേരളത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്ത മുഴുവൻ ആശുപത്രികളെയും ഗോൾഡൻ പുരസ്ക്കാരത്തിന് അർഹമാക്കുന്നതിനുള്ള പരിശീലനപരിപാടികൾ നടന്നുവരികയാണ്.


national health authority | QUALITY COUNCIL OF INDIA

QUALITY CERTIFICATION

Certificate no. G-2021G-00084

THIS CERTIFICATE IS PRESENTED TO

Malabar Cancer Centre

Malabar Cancer Centre, Moozhikkara Post, Thalaserry, Kerala-670103

In appreciation and recognition of the compliance with Ayushman Bharat Pradhan Mantri Jan Arogya Yojana (AB PMJAY) GOLD QUALITY STANDARDS. This certificate is valid for the scope of services as mentioned overleaf under the scheme and is subject to continued adherence with the standard. QCI reserves the right to assess the hospital anytime during the validity to ensure compliance.

Valid From: 10-Jun-2021
Valid Thru: 31-Jul-2023

SECRETARY GENERAL
Quality Council of India

കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിൽ എ.ബി.പി.എം.ജെ.എ.വൈ- കാസ്പ് കാർഡ് ഉള്ളവർക്ക് അഞ്ചുലക്ഷംരൂപയുടെ ഇൻഷുറൻസ് കവറേജ് ലഭിക്കും. കണ്ണൂർ ജില്ലയിൽ നിലവിൽ 45 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. സ്വകാര്യമേഖലയിൽ 31 ഉം സർക്കാർ മേഖലയിൽ 14 ഉം. മലബാർ കാൻസർ സെന്ററിന്റെ ഈ സുവർണ നേട്ടം ആരോഗ്യ മേഖലയിൽ കേരളത്തിന് മറ്റൊരു പൊൻതൂവൽകൂടി സമ്മാനിച്ചിരിക്കുകയാണ്


Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)